പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .1767

17.06.2013-ൽ മറുപടിക്ക്

**വെള്ളയിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ | | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | കോഴിക്കോട് വെള്ളയിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണപ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ വെള്ളയിൽ നിലവിലുള്ള മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം മത്സ്യബന്ധന തുറമുഖമായി വികസിപ്പിക്കുന്നതിനുവേണ്ടി 3930.20 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് പുലിമുട്ടുകൾ, കീവാൾ, ലേലപ്പുര, ഹൈജിനിക് അറേഞ്ച്മെന്റ്, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ, ഡ്രഡ്ജിംഗ്, റിക്ലമേഷൻ പ്രവൃത്തികൾക്കായി ദർഘാസ് ക്ഷണിച്ചു. പ്രസ്തുത ദർഘാസ് 03-06-2013 ൽ തുറന്ന് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദർഘാസിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | കേന്ദ്രസർക്കാർ ഭരണാനുമതിയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥയായ ഭരണാനുമതി തീയതിയായ 20.11.2012 മുതൽ 2 മാസം തുടങ്ങി 4 വർഷം കൊണ്ട് (അതായത് 1/2017) ൽ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. |

Jayasree

സെക്ഷൻ ഓഫീസർ